# അജ്ഞാത ചിത്രകാരൻ

പി. ഇ. ഗോപാലകൃഷ്ണൻ നായർ, II U. C.

ആ കലാലയത്തിൽവെച്ചു നടത്തിയ ചിത്രകലാപ്രദർശനത്തിൽവെച്ചാണു പത്മം, വിജയന്റെ ചിത്രങ്ങൾ ആദ്യമായി കാണുവാനിടയായതു്. മുഖത്തു കാലിഞ്ചു കനത്തിൽ പൌഡറിട്ടു് തല രണ്ടുഭാഗത്തേക്കും മിടഞ്ഞിട്ടു് അതിൽ ഓരോ കൊട്ട പൂക്കൾ ചൂടി, ഇളം മഞ്ഞനിറത്തിലുള്ള ജാക്കററും റോസ് സാരിയും ധരിച്ചു്, കൂട്ടുകാരികളുമൊത്തു്, ലിപ്സ്റ്റിക്ക ചായത്താൽ തിളങ്ങിനിൽക്കുന്ന അധരപല്ലവത്താൽ ആച്ഛാദനംചെയ്യപ്പെട്ട ധവളമോഹനമായ മുത്തുമണികളെ ഇടക്കിടക്കു് പ്രകാശിപ്പിച്ചുകൊണ്ടു്, വളക്കിലുക്കംപോലുള്ള പൊട്ടിച്ചിരികളുതിർത്തു് മന്ദാലസയായി നടക്കുന്ന അവളെ ഏററവും ആകർഷിച്ചതു് ആ ഉൾനാടൻ കർഷകപ്പെൺകുട്ടിയുടെ ചിത്രമായിരുന്നു.

മുട്ടുമറയുന്ന ഒരു കച്ചയുടുത്തു്, ഉയർന്ന മാർത്തടത്തെ ഒരു ബോഡീസുകൊണ്ടു് ആച്ഛാദനംചെയ്തു് അരികെ നില്ക്കുന്ന ശാന്തിയുടെ പ്രതിരൂപമായ ആട്ടിൻകുട്ടിയെ തലോടിക്കൊണ്ടിരിക്കുന്ന ആരോഗ്യപൂർണ്ണയായ ആ ഗ്രാമീണ കന്യകയുടെ ചിത്രം ഏററവും ചൈതന്യപൂർണ്ണമായിരുന്നു.

പത്മം, ആ ചിത്രത്തിൽനിന്നും കണ്ണെടുക്കാതെ അതിനെത്തന്നെ നോക്കിനിന്നുപോയി. അത്രമാത്രം ജീവച്ചൈതന്യം തുളുമ്പുന്ന ഒരു മനുഷ്യചിത്രം അവൾ അതിനുമുമ്പു കണ്ടിരുന്നില്ല. നോക്കുംതോറും അവൾ ആ ചിത്രത്തോടു്, താനറിയാതെ, വളരെ അടുക്കുന്നതായി അവൾക്കു തോന്നി.

കൂട്ടുകാരികൾ പത്മത്തെ പരിഹസിച്ചുകൊണ്ടു പറഞ്ഞു. "ഈ നാടൻപെണ്ണിന്റെ ചിത്രമാണോ പത്മത്തെ ഇത്രവളരെ ആകർഷിച്ചതു്. നിന്റെ എയിസ്തററിക്ക് ടെയിസ്റ്റ് കേമംതന്നെ".

പത്മം ഉത്തരമൊന്നും പറഞ്ഞില്ല. അവൾ ഒരു മൂകയെപ്പോലെ നിലകൊണ്ടു. പത്മം ആ ചിത്രം വീണ്ടും ഒന്നു നല്ലവണ്ണം പരിശോധിച്ചു. അതിൽ, വരച്ച ചിത്രകാരന്റെ പേരുണ്ടായിരുന്നില്ല.

ആ കൂട്ടത്തിൽ, അവിടെ, അതേ ചിത്രകാരനാൽ വരക്കപ്പെട്ട വേറെയും ചില ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടിരുന്നു. മലയോരത്തുകൂടി ഒഴുകുന്ന ഒരു കാട്ടരുവി. അതിന്നിരുകരയിലും സമൃദ്ധിയായി വിരിഞ്ഞുനിൽക്കുന്ന കാട്ടുപൂക്കൾ. ചോലവകളിൽ, വെള്ളത്തിലേക്കുന്തിനിൽക്കുന്ന ഒരു പാറക്കെട്ടിൽ നിന്നുകൊണ്ടു വെള്ളം കുടിക്കുന്ന ഒരു നരിയുടെ ചിത്രം, വിളഞ്ഞുനിൽക്കുന്ന നെൽവയലിൽ കതിരുകൾ മുറിച്ചുതിന്നുകൊണ്ടു് ഉല്ലാസത്തോടുകൂടി പാറിനടക്കുന്ന തത്തകൾ, വയലിന്റെ മറുകരയിൽ മലയോരത്തു് മേഞ്ഞുനടക്കുന്ന ഗോവൃന്ദങ്ങൾ — എല്ലാം, ജീവച്ചൈതന്യം ഓളംതല്ലുന്ന ഉത്തമ കലാസൃഷ്ടികൾ. ആ നരിയുടെ കണ്ണുകളിലേക്കു് നോക്കുമ്പോൾ ആരും ഒന്നു ഞെട്ടിപ്പോകും. അത്രമാത്രം തന്മയത്വത്തോടുകൂടിയാണു അതിലെ ഓരോ വരയും ലേഖനം ചെയ്യപ്പെട്ടിട്ടുള്ളതു്.

പത്മം ആ പ്രദർശനത്തിന്റെ വനിതാസെക്രട്ടറിയോട് ആ ചിത്രങ്ങളുടെ ഉടമസ്ഥനെപ്പററി അന്വേഷിച്ചു. പക്ഷെ, ഏതോ ഒരജ്ഞാതചിത്രകാരൻ വരച്ചതാണ് ആ ചിത്രങ്ങൾ എന്നു മാത്രമേ അവർക്കറിയാൻ കഴിഞ്ഞുള്ളു. അവർ ആ അജ്ഞാതകലാകാരനെ പററിയുള്ള വിവരങ്ങൾ ഗ്രഹിപ്പിക്കാൻ വനജയെ—അതാണ വനിതാസെക്രട്ടറിയുടെ പേര്—പ്രേരിപ്പിച്ചു.

ഒടുവിൽ, പിറേറദിവസം ആ ചിത്രകാരനെപ്പററി അറിയിക്കാമെന്നു കാര്യദർശി പറഞ്ഞു.

പിറെറന്നാൾ നേരത്തെതന്നെ പത്മം പ്രദർശനഹാളിൽ എത്തിച്ചേർന്നു. അവളുടെ ഹൃദയം ശക്തിയായി മിടിക്കുന്നുണ്ടായിരുന്നു.

അനുഗൃഹീതനായ ഒരു കലാകാരനു മാത്രമേ അത്രയും വൈദഗ്ദ്ധ്യത്തോടുകൂടി കലാസൃഷ്ടി നടത്താൻ സാധിക്കുകയുള്ളു എന്നു ലളിത കലകളിൽ സാമാന്യം പരിചയം നേടിയ അവൾക്കു ആരും പറഞ്ഞുകൊടുക്കേണ്ടതായിട്ടുണ്ടായിരുന്നില്ല.

അകൃത്രിമസൌന്ദര്യത്തെ അത്രയും തന്മയത്വത്തോടുകൂടി കാൻവാസിലേക്ക് പകർത്തിയ ആ അജ്ഞാത കലാകാരന്റെ വൈദഗ്ദ്ധ്യത്തിനു മുമ്പിൽ സൊസൈററി ലേഡിയായ അവൾ, പട്ടണപ്പരിഷ്കാരത്തിന്റെ മടിത്തട്ടിൽ ജീവിക്കുന്ന അവൾ, തലകുനിച്ചു.

ആ ചിത്രകാരനെ കാണാൻ അവൾ തിടുക്കംകൂട്ടി. പത്മം വനജയേയുംകൂട്ടി ആ ചിത്രകാരന്റെ സന്നിധാനത്തിലേക്ക് യാത്രതിരിച്ചു. അവളുടെ ഹൃദയത്തിൽ വികാരത്തിന്റെ ഒരു വേലിയേററംതന്നെയുണ്ടായി. തന്റെ ജീവിതത്തിൽ, താൻ, എന്നേക്കുമായി നഷ്ടപ്പെട്ടു എന്നു തീർച്ചയാക്കിയ ഒരമൂല്യവസ്തു കണ്ടുപിടിച്ച ഒരു ചാരിതാർത്ഥ്യം അവളുടെ മുഖത്തു കളിയാടി.

അവളുടെ കണ്ണുകൾ കൂടുതൽ പ്രകാശത്തോടെ മിന്നി. അതോടൊപ്പംതന്നെ കഴിഞ്ഞ കാലത്തിന്റെ ചില കാർമേഘങ്ങളും അവളുടെ മാനസാന്തരീക്ഷത്തിൽ പ്രത്യക്ഷപ്പെട്ടു.

ഏററവും വിഷമംപിടിച്ച ഒരു പ്രശ്നത്തെ അഭിമുഖീകരിക്കാൻ അവൾ സന്നദ്ധയായി. അതെ—തന്റെ ജീവിതത്തെ എട്ടുകൊല്ലം മുഴുവൻ കരണ്ടുതിന്ന ഒരു യാഥാർത്ഥ്യവുമായി ഇന്നവൾ ഏററുമുട്ടാൻ പോവുകയാണ്. അവളുടെ നീണ്ട നീലക്കണ്ണുകളുടെ കടക്കൽ രണ്ടു മൂന്നു മുത്തുമണികൾ വന്നെത്തിനോക്കി.

വനജ പത്മത്തിന്റെ, അപ്രതീക്ഷിതമായ ഈ പാരവശ്യംകണ്ട് ആശ്ചര്യത്തോടുകൂടി ചോദിച്ചു. "എന്തുപററി പത്മം, എന്താണ് കരയുന്നതു്?".

പത്മം ഒരക്ഷരം മറുപടിപറഞ്ഞില്ല. അഥവാ അവൾക്ക് പറയാൻ കഴിഞ്ഞില്ല. വാക്കുകൾ അവളുടെ തൊണ്ടയിൽ കെട്ടിനിന്നു. അവൾ മൂകയായി വനജയെ അനുഗമിച്ചു. ഒരു കൊച്ചുകുട്ടി തന്റെ അമ്മയെ അനുഗമിക്കുന്നപോലെ—.

"ഇതാ, ഇതാണു വീട്". വനജ പത്മത്തെ തട്ടിവിളിച്ചുകൊണ്ടു പറഞ്ഞു. സ്വപ്നത്തിൽനിന്നും ഉണർന്നു. നാലുപാടും ഒന്നു കണ്ണോടിച്ചു. ജീർണ്ണിച്ച ഒരു ചെറിയ ഓലപ്പുര. അതിന്റെ അങ്കണത്തിൽ, തൊട്ടാവാടി, അപ്പ മുതലായ ചെടികൾ കാടുപിടിച്ചു കിടന്നിരുന്നു.

പറമ്പിൽ അവിടവിടെയായി പക്ഷികൾ കലപില ശബ്ദമുണ്ടാക്കി സ്വച്ഛന്ദം വിഹരിച്ചിരുന്നു. ആകപ്പാടെ വിരക്തി ജനിപ്പിക്കുന്ന അന്തരീക്ഷം. ഒരു മൂകമായ ഭീതി അവളെ കടന്നു പിടികൂടി.

ഉമ്മറത്തുള്ള ഒരു പഴയ ബെഞ്ചിൽ ഒരാൾ കുനിപ്പിടിച്ച് ഇരിക്കുന്നുണ്ടായിരുന്നു.

വനജ പറഞ്ഞു. "അതാ, വിജയൻ ഇരിക്കുന്നു".

"ഏത് വിജയൻ" പത്മം അമ്പരപ്പോടെ ചോദിച്ചു. "ആ ചിത്രങ്ങൾ വരച്ച— നിങ്ങൾ കാണാൻ വന്നിരിക്കുന്ന, 'ചിത്രകാരൻ'" വനജ സാവധാനത്തിൽ ഉത്തരം നൽകി.

ചടച്ചുനീണ്ട്, കഴുത്തുവരെ മുടിവളർത്തി, ഒരു മുഷിഞ്ഞ ജുബ്ബായും അതേനിറത്തിൽ ഒരു പഴയ മുണ്ടും ധരിച്ചിരുന്ന ഒരു മധ്യവയസ്കൻ 'ഹലോ' മന്ദഹസിച്ചുകൊണ്ട് സ്വാഗതമരുളി. അയാളുടെ ആ മന്ദഹാസത്തിൽ എന്തോ ഒരു പൈശാചികത ഉള്ളതായി പത്മത്തിനു തോന്നി. അയാൾ ഏററവും ശോഷിച്ചിരുന്നു. എങ്കിലും ആ 'കണ്ണുകൾക്ക്' അസാധാരണമായ ഒരു തേജസ്സുണ്ട്.

"നിങ്ങളുടെ ആരാധികയാണ് ഇവർ. നിങ്ങളെ ഒന്നു കണ്ടു പരിചയപ്പെടുവാൻ വന്നിരിക്കുകയാണ്",

വനജ പത്മത്തെ അയാൾക്ക് പരിചയപ്പെടുത്തിക്കൊടുത്തു.

അയാൾ അവരോട് അകത്തുള്ള ഒരു പഴയ ചൂരൽക്കട്ടിലിൽ ഇരിക്കാൻ പറഞ്ഞു. ആ മുറിയിൽ വേറെ സാമാനങ്ങൾ ഒന്നുംതന്നെയുണ്ടായിരുന്നില്ല.

അവിടെയായ ആ ചിത്രകാരൻ അവരുടെ മുമ്പിൽ, ആ ബെഞ്ചിൽ തളർന്ന്, ക്ഷീണഭാവത്തോടെ ചാരിയിരുന്നു. അയാൾക്ക് തീരെ [illegible].

ആ ചിത്രകാരൻ, ഒരു സൗന്ദര്യാരാധകന്റെ കണ്ണുകളോടെതന്നെ പത്മത്തെ അടിമുതൽ മുടിവരെ ഒന്നു അലസമായി പരിശോധിച്ചു.

"ഇവർ ആരാണ്", അയാൾ പത്മത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് വനജയോട് അന്വേഷിച്ചു.

"സിനിമാനടി പത്മത്തെ നിങ്ങൾ അറിയുകയില്ലേ? കോട്ടയത്താണു സ്വദേശം. ഇപ്പോൾ,..............യിൽ നടിക്കുന്നു."

പത്മത്തിന്റെ കണ്ണുകൾ അശ്രുപൂർണ്ണങ്ങളാകുന്നതു സൂക്ഷിച്ചുകൊണ്ട് അയാൾ ചോദിച്ചു.

"ഇവർ എന്താ കരയുന്നത്".

വനജ ഒന്നമ്പരന്നു. തന്റെ സ്നേഹിത ഇത്രയും അധൈര്യവതിയോ?

കണ്ഠമിടറിയ, വേദനനിറഞ്ഞ ഒരു സ്വരത്തിൽ പത്മം ആ ചിത്രകാരനോട് ചോദിച്ചു.

"അങ്ങയുടെ പേർ വിജയൻ എന്നു തന്നെയാണോ?"

ആ കലാകാരൻ ഒന്നമ്പരന്നു. തന്റെ പേർ വിജയൻ എന്നാണെന്നതിൽ ആ അപരിചിതയ്ക്ക് സംശയം. പോലീസുകാർ പോലും ഇത്തരം ചോദ്യങ്ങൾ ഒരു മര്യാദക്കാരനോട് ചോദിക്കാൻ ധൈര്യപ്പെടുകയില്ല.

അയാൾ ശാന്തനായി പ്രതിവചിച്ചു.

"അതെ, എൻെറ പേർ വിജയൻ എന്നുതന്നെയാണ്".

ഒരപരാധം പ്രവർത്തിച്ചപോലെ അയാൾ തലതാഴ്ത്തിയിരുന്നു.

"ദയവുചെയ്ത് ഒന്നും ഒളിക്കരുത്. അങ്ങയുടെ പേർ വേണുഗോപാൽ എന്നല്ലേ? ദൈവത്തെ വിചാരിച്ച് സത്യംപറയൂ".

വിജയൻ ഒന്നുഞെട്ടി. ആശ്ചര്യത്തോടെ അയാൾ പത്മത്തെ നോക്കി.

"എൻെറ പേരതല്ലെന്നു സംശയിക്കാനുള്ള കാരണം"

പത്മം ഗൽഗദത്തോടെ പറഞ്ഞു.

"അങ്ങയുടെ ചിത്രം..........അങ്ങ് പ്രദർശനത്തിനു വെച്ച ആ പെൺകുട്ടിയുടെ ചിത്രം..............അതെൻെറ..............ചിത്രമാണ്..............എന്നെ..........സ........രളയെ..........അങ്ങ് മറന്നുപോയോ?

അയാൾ ഒരീററപാമ്പിനെക്കണ്ടപോലെ അവിടെനിന്നു ചാടി എഴുന്നേററു. പക്ഷെ ആ ദുർബലമായ കാലുകൾക്ക് ആ ശരീരത്തെ താങ്ങിനിർത്താൻ കഴിഞ്ഞില്ല. അയാൾ തല ചുമരിന്മേൽ അടിച്ചുകൊണ്ട് മറിഞ്ഞുവീണു. പത്മം ഓടിച്ചെന്നു അയാളെ പിടിക്കാനടുത്തു.

പക്ഷെ ഒരീററപുലിയെപ്പോലെ, അയാൾ ഗർജിച്ചു. "സരള, വഞ്ചകി........എന്നെ നരകത്തിലേക്ക് തള്ളിവീഴ്ത്തിയ ആ ദുഷ്ട..........നീ ഇപ്പോഴും ജീവിക്കുന്നോ ?

അപ്രതീക്ഷിതവും അസാധാരണവുമായ ഈ സംഭവവികാസങ്ങൾകണ്ട് ഒരു ശിലാപ്രതിമപോലെ പകച്ചുനിൽക്കുന്ന വനജ ഒന്നും മനസ്സിലാക്കാൻ കഴിയാതെ, കിംകർത്തവ്യതാമൂഢയായി രണ്ടുപേരെയും മാറി മാറി നോക്കി.

പത്മം അയാളുടെ കാൽക്കൽ തേങ്ങിത്തേങ്ങിക്കരഞ്ഞുകൊണ്ട് കിടക്കുകയാണ്.

മനശ്ശക്തി വീണ്ടുകിട്ടിയപ്പോൾ, ക്ഷോഭം അല്പമൊന്നടങ്ങിയപ്പോൾ, അയാൾ സാവകാശം പറഞ്ഞു.

"ഞാൻ നിന്നെ കുററപ്പെടുത്തുന്നില്ല. നിൻെറ വർഗ്ഗത്തിന്നാകമാനമുള്ള ദുർഗ്ഗുണങ്ങൾ മാത്രമേ നിന്നേയും ബാധിച്ചിട്ടുള്ളു."

പത്മം കണ്ണീരൊലിപ്പിച്ചുകൊണ്ട് അയാളോട് ക്ഷമായാചനംചെയ്തു. പക്ഷെ അവൾ വളരെ വൈകിപ്പോയി.

പൊട്ടിത്തകർന്ന ഒരോടക്കുഴലിൽനിന്നു പുറപ്പെടുന്ന നാദംപോലെ അയാളുടെ ശബ്ദം വികൃതമായിരുന്നു.

ഇതെല്ലാംകണ്ട് അത്ഭുതസ്തബ്ധയായി കാര്യങ്ങളുടെ ഏകദേശസ്ഥിതി ഊഹിച്ചു മനസ്സിലാക്കി, വിഷാദമൂകയായി നിൽക്കുന്ന വനജയോട് ആ കലാകാരൻ തൻെറ ജീവിതകഥ പറഞ്ഞു.

"ഈ സ്ത്രീ, നിങ്ങളുടെ സ്നേഹിത, ഇവളാണ് എൻെറ ജീവിതം തകർത്തത്. ഇവളാണ് എന്നെ നൈരാശ്യത്തിൻെറ ചുഴിയിലേക്ക് പിടിച്ചാഴ്ത്തിയത്".

പത്മം എഴുന്നേററ് കൂപ്പുകൈയ്യോടെ അയാളോടു പ്രാർത്ഥിച്ചു.

"കഴിഞ്ഞതെല്ലാം മറക്കൂ. എനിക്കു മാപ്പുതരൂ. ഞാൻ അങ്ങയുടെ പാദദാസിയാണ്. ഇന്നുമുതൽ നമ്മൾ ഒന്നാണ്. ഞാൻ ഈ നിമിഷംവരേയും അനുഭവിച്ചുകൊണ്ടിരുന്ന ഹൃദയവേദന അങ്ങ് അല്പമെങ്കിലും അറിഞ്ഞിരുന്നെങ്കിൽ.............."

"ഇതിനെററയെല്ലാം അർത്ഥമെന്താണ്" പരിഭ്രാന്തയായ വനജ വിജയനോട് ചോദിച്ചു.

അയാൾ കണ്ണും തുടച്ചുകൊണ്ട് തുടർന്നു. "ഞാനും സരളയും അയൽപക്കക്കാരായിരുന്നു. ഇവൾ എൻെറ ബാല്യകാലസഖിയായിരുന്നു. ഞങ്ങൾ ഗ്രാമത്തിലെ പള്ളിക്കൂടത്തിൽ ഒന്നായി പഠിച്ചു. ഗ്രാമത്തിലെ കർഷകക്കിടാങ്ങളായിരുന്ന ഞങ്ങൾ അങ്ങിനെ ശാന്തിയുടെ മടിത്തട്ടിൽ, ആനന്ദത്തിൻെറ നറുംതണലിൽ സുഖത്തിൻെറ മന്ദാനിലനേററുകൊണ്ട് ഞങ്ങളുടെ ബാല്യകാലം നയിച്ചു.

സരളയെ വിവാഹംചെയ്യാൻ പലരും ആഗ്രഹിച്ചിരുന്നു. പക്ഷെ അവൾ എനിക്കുവേണ്ടി അതെല്ലാം നിരസിച്ചു. ഞങ്ങൾ നിർദ്ധനരായതുകൊണ്ട് പണത്തെപ്പററിയുള്ള ഒരു പ്രശ്നവും ഞങ്ങളുടെ ഏകീകരണത്തിൽ പ്രതിബന്ധമായിരുന്നില്ല. ഞങ്ങളുടെ വിവാഹം—ഹൃദയംകൊണ്ടുള്ള വിവാഹം—അങ്ങിനെ അതിൻെറ ശരിയായ അർത്ഥത്തിൽ കഴിഞ്ഞിരുന്നു.

പക്ഷെ മാമൂൽക്കോടതിയുടെ അംഗീകരണത്തിനുള്ള ചടങ്ങുകളൊന്നും കഴിഞ്ഞിരുന്നില്ല.

അങ്ങിനെയിരിക്കെയാണ് നാടകക്കമ്പെനിക്കാർ നാടുമുഴുവൻ സഞ്ചരിച്ച് ആകർഷകകളായ യുവതികളെ കലാദ്ര്യസനത്തിനു തിരഞ്ഞെടുത്തു കൊണ്ടുപോയത്. സരളയും അവരുടെ കണ്ണിൽപ്പെട്ടു. അങ്ങിനെ അവൾ തലസ്ഥാനനഗരിയിൽ താമസമാക്കി. ഒരു ദിവസം ഞാൻ അവളെക്കാണാൻ നാടകക്കൊട്ടകയിൽ ചെന്നു. പക്ഷെ........ഈ വഞ്ചകി—ഈ പട്ടിൽപ്പൊതിഞ്ഞ തീക്കൊള്ളി........എന്നെ അറിയുകയില്ലെന്നു പറഞ്ഞു മടക്കിഅയച്ചു.

എൻെറ ഹൃദയവും ദേഹവും ഞാനിവൾക്ക് കാഴ്ചവെച്ചു. ഇവളെ ഞാൻ വിശ്വസിച്ചു! ആരാധിച്ചു!. പക്ഷെ ഇവൾ നൽകിയ പ്രതിഫലമോ?

ആ കുഴിഞ്ഞ കണ്ണുകളിൽ നിന്നു ചുടുകണ്ണീർ ഒരുപുഴപോലെ ആ ഒട്ടിയ കവിളിൽക്കൂടി ഒഴുകി.

അസഹ്യമായ ഒരു ചുമയോടെ അയാൾ നിലത്തേക്കു മറിഞ്ഞു.

പത്മം ഒരാട്ടിൻകുട്ടിയെപ്പോലെ വാവിട്ടു കരഞ്ഞു, അയാളുടെ ശിരസ്സെടുത്തു് മടിയിൽവെച്ചു. വനജ ശീതോപചാരത്തിന്നൊരുങ്ങി.

എന്നാൽ ആ ഹൃദയത്തിലിനി ഏതൊരു കരച്ചിലും പ്രതിദ്ധ്വനിക്കുകയില്ല. ആ ശരീരത്തിന്നിനി യാതൊരുപചാരവും വേണ്ട.

ചെറുകഥ

# ചുരുട്ടിയ മുഷ്ടി

ഇ. പി. മുഹമ്മദബ്ദുറഹിമാൻ, II U. C.

മമ്മുക്കാക്കയുടെ രണ്ടാമത്തെ സന്താനമായിരുന്നു ആയിഷ. ഒടുവിലത്തേതും അവളായിരുന്നു. ഇരിക്കുന്ന പറമ്പും കുറച്ചു നിലവും അയാൾക്ക സ്വന്തമുണ്ടായിരുന്നു. പക്ഷെ അന്നന്നു പ്രവർത്തിച്ചിട്ടുവേണം അയാളുടെ വയറുകഴിയുവാൻ. വിവാഹത്തോടുകൂടി അയാളുടെ പ്രകൃതം മാറി. അന്നന്ന് അന്നം പിശുക്കി കാണിച്ചുകൊണ്ടു അദ്ദേഹം ജീവിച്ചു. വിവാഹം കഴിഞ്ഞു ഒരു കൊല്ലം തികഞ്ഞ സുദിനത്തിൽ മമ്മതിനൊരു ഓമനപ്പുത്രിയുണ്ടായി. ഫാത്തിമ്മയുടെ ജനനത്തോടുകൂടി മമ്മതിനു് ചിലവു കൂടിക്കൂടിവന്നു. നാല്പതും അമ്പത്തിയാറും തൊണ്ണൂററാറും കഴിച്ചു. പിറന്നാളാഘോഷിച്ചു. കാതിന്റെ അടിത്തട്ടിൽ ഓരോ തുള വീതം കുത്തിച്ചു. അവളുടെ ആരോഗ്യത്തിന്നായി ഇടക്കിടെ "മൌലൂദ്"കളും കഴിച്ചു. "മാല"കളും "റാത്തീബ്"കളും പൊടിപൊടിച്ചു. അവളുടെ അഞ്ചാംപിറന്നാളാഘോഷിച്ചു് അധികദിവസങ്ങളും കഴിയുന്നതിനു മുമ്പു ആയിഷയും മമ്മതിന്റെ പിതൃത്വമവകാശപ്പെട്ടുകൊണ്ടു ജനിച്ചു. ഫാത്തിമ്മയുടെ കാതുകൾ രണ്ടും കുത്തിത്തുളച്ചു അതിൽ നിറയെ കറുപ്പുനൂലും പിന്നീടു ചെമ്പുകമ്പികളുമിട്ടു അവളെ ഓതാൻ ചേർത്തു.

മമ്മതിന്റെ ആത്മീയോപദേഷ്ടാവായിരുന്നു ആലിമുസല്യാർ. പള്ളിയിലെ പ്രധാനിയും, ഓതിക്കുന്ന "മൊല്ല"യും എല്ലാം ആലിമുസല്യാരായിരുന്നു. മതപരമായി വലിയ അറിവുകളൊന്നുമില്ലെങ്കിലും ആലിമുസല്യാരുടെ ഫത്ത്വയെ അന്നാട്ടുകാർ ചോദ്യംചെയ്യാതെ അനുസരിച്ചു.

മമ്മതു് ഒരു തറവാട്ടുകാരനായിരുന്നു. അയാളുടെ കുടുംബമഹിമക്കനുസരിച്ചു മകളെ കല്യാണം കഴിച്ചു കൊടുക്കണം. പത്തു് പതിമൂന്നു വയസ്സായിരിക്കുന്നു. ആലിമുസല്യാർ തിരക്കുതുടങ്ങി. "ഓതിത്തേഞ്ഞാൽ" ഉടനടി കുട്ടികളെ വിവാഹം കഴിച്ചുകൊടുക്കണം. പത്തു പതിമൂന്നു വയസ്സായിരിക്കുന്നു. അങ്ങിനെ ഫാത്തിമ്മയുടെ വിവാഹം മുസല്യാരുടെ അകമ്പടിയോടെ മമ്മതിന്റെ സ്ഥിതിക്കനുസരിച്ചു കഴിഞ്ഞു. അവളുടെ ഉമ്മാക്കു് കിട്ടിയ

“പണ്ടങ്ങളും”, സ്ത്രീധനവും അവളുടേതായി. കല്യാണാവശ്യങ്ങൾക്ക് വേണ്ടി മമ്മതിന്ന് നിലം വില്ക്കേണ്ടിവന്നു. എന്നാലും അവളൊരു സ്ഥിതിയിലായില്ലേ?

ഫാത്തിമയുടെ വിവാഹം കഴിയുമ്പോൾ ആയിഷ മൂന്നാംക്ലാസിലാണ് പഠിച്ചിരുന്നത്. ആയിഷ ബുദ്ധിമതിയായ ഒരു പെൺകുട്ടിയാണെന്നും അവളെ ചുരുങ്ങിയത് പത്താം ക്ലാസുവരെയെങ്കിലും പഠിപ്പിക്കണമെന്നും അവളുടെ അദ്ധ്യാപകന്മാർ മമ്മതിനോട് പറയും. “റബ്ബിന്റെ വേണ്ടുക”. മമ്മതു മേലോട്ട് നോക്കും.

ആയിഷ കറുപ്പും വെളുപ്പുമല്ലാത്ത നിറമായിരുന്നു. അധികം തടിയില്ലാത്ത പ്രകൃതി. പച്ചപ്പാവാടയും, ചുകപ്പു ബ്ളൌസുമിട്ടുവരുന്ന ആയിഷയ്ക്കായിരിക്കും ക്ലാസിൽ ഒന്നാംസ്ഥാനം. അവളെനോക്കി സഹപാഠികൾ അസൂയപ്പെടും. അവളെ അദ്ധ്യാപികാദ്ധ്യാപകന്മാർക്ക് വലിയ സ്നേഹമായിരുന്നു. ക്ലാസിൽ ഒന്നാമതായി അവൾ പാസ്സായി. മമ്മത് അവൾക്ക് നാലാംക്ലാസിലേയ്ക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങിക്കൊടുത്തു. ഇതിനിടയിൽ ഖുർആൻ മുഴുവൻ ഓതിത്തികഞ്ഞിരുന്നു. ഇനിയും അവളെ പഠിപ്പിക്കുന്നതിൽ മുസല്യാക്ക് വലിയ ഇഷ്ടമില്ല. പ്രായമായ പെൺകുട്ടികളെ പഠിപ്പിക്കരുത്. പെണ്ണിന്നു എട്ടൊമ്പത് വയസ്സായില്ലേ? ഒമ്പത് കഴിഞ്ഞാൽ പിന്നെ പുറത്തു കാണരുത്. പോരെങ്കിൽ ആയിഷ ബ്ളൌസിട്ടിരിക്കുന്നു. അതു കാഫിറിച്ചികളുടെ അടയാളമാണ്. മുസ്ലിമീങ്ങളായ പെൺകുട്ടികൾ “പെൺകുപ്പാ”യം—“ഒപ്പി”പോലെയുള്ള കുപ്പായം—ഇടണം.

“ഏതായാലും അവൾ ഈ കൊല്ലവും പഠിക്കട്ടെ” ഒരു മൌലൂദ് ഓതിക്കഴിഞ്ഞു ചീരിനി തിന്നുകൊണ്ടിരിക്കുന്നതിന്നിടയിൽ ഭയപ്പെട്ടുകൊണ്ടു മമ്മത് മുസല്യാരെ അറിയിച്ചു. മനമില്ലാമനസ്സോടെ മുസല്യാർ തലകുലുക്കി. മുസല്യാക്കൊരുറുപ്പിക കൈമടക്കും കിട്ടി.

ആയിഷ അഞ്ചാംക്ലാസിലേക്കു ജയിച്ചതും നല്ല മാർക്കോടുകൂടിയാണ്. അവളുടെ മേൽ അദ്ധ്യാപകന്മാർക്കുണ്ടായിരുന്ന അഭിപ്രായം ഒന്നുകൂടി ദൃഢമൂലമായി. ഈ അഞ്ചാംക്ലാസു കഴിഞ്ഞാൽ എനി പട്ടണത്തിലെ ഹൈസ്കൂളിൽ അഞ്ചാംക്ലാസിൽ ചേരാം. അവൾ ആനന്ദനൃത്തംചെയ്തു. “ഈ കൊല്ലംവേഗം കഴിയണേ!” അവൾ ഉള്ളുതുറന്നു പ്രാർത്ഥിച്ചു. ഹൃദയത്തിൽ കൊള്ളുന്നതിലധികം ഭാവനകൾ അവൾക്കുണ്ടായിരുന്നു.

ഒരു ദിവസം പണികഴിഞ്ഞുവന്നു മമ്മത് ആയിഷയെ വിളിച്ചുപറഞ്ഞു “മോളെ നി പഠിക്കാമ്പോണ്ട” അവളൊന്നു ഞെട്ടി. അവൾക്ക് പൊട്ടിക്കരയാൻ തോന്നി. പക്ഷെ ശബ്ദം പുറത്തുവന്നില്ല. ആ പരിസരമാകെ ഊഷ്മളത ഉച്ഛ്വസിക്കുന്നതായി തോന്നി അവൾക്ക്. അവളുടെ കഴുത്തിന്നു ചുറ്റുനിന്നും എന്തോ പതച്ചുവന്നു. അവളുടെ ദയനീയസ്ഥിതിയിൽ ആ ഹൃദയമുള്ള പിതാവിന്ന് കണ്ണുനീർ പൊട്ടി. പക്ഷെ അയാൾ തികച്ചും നിസ്സഹായനാണ്. ആലി മുസല്യാർ തീർത്തുപറഞ്ഞു. എനിമുതൽ ആയിഷയെ സ്കൂളിൽ പറഞ്ഞയക്കരുതെന്നു. പറഞ്ഞയച്ചാൽ മൌലൂദുകളും പാട്ടുകളും കഴിപ്പാൻവേണ്ടി ആലിമുസല്യാർ മമ്മതിന്റെ പടി കയറുകയില്ല. അയാളെന്തുചെയ്യും. ഒരുഭാഗത്ത് മകളും, പഠിപ്പും: മറുഭാഗത്ത് മതവും ആലിമുസല്യാരും. മതത്തിൽനിന്നുള്ള നിഷ്കാസനം. അതയാൾക്ക് ചിന്തിക്കുവാൻകൂടി സാദ്ധ്യമല്ല. അയാൾക്ക് തന്റെ ഓമനപ്പുത്രിയെ കഴിയുന്നത്ര പഠിപ്പിക്കണമെന്നുണ്ട്. ഹൃദയം നിറഞ്ഞ ആഗ്രഹമുണ്ട്. പക്ഷേ മുസല്യാരും സമുദായവും. മകളെ എനിയും വി

ദ്യാലയത്തിലയച്ചാൽ അയാൾ കാഫിറാണെന്ന് മുസല്യാർ തീർത്തുപറയും. സമുദായമതിനെ ശരിവെയ്ക്കും. അതുമാത്രംപോര. ആയിഷ ധരിച്ചിരുന്ന "കാഫിറിച്ചി"കളുടെ കുപ്പായം മാററണം. അവൾ, അവിടവിടെ അനാവശ്യമായ ഏപ്പുകളുള്ള കുപ്പായം ധരിക്കണം. അവിടെ അതിന്നേ സ്ഥാനമുള്ളു. അവളുടെ കാതുകൾ രണ്ടിലുംകൂടി അഞ്ചുനിഞ്ഞോളം ഇരുപത്തൊന്നു തുളകളുണ്ടാക്കണം, ഇതൊക്കെ മതത്തിൽ പറഞ്ഞിട്ടുള്ളതാണ്. ഏതു മഹാപാപത്തിനും ."തൌബഃ" ചെയ്താൽമതി". പടച്ചവൻ "തൌബാ" "കബൂൽ" ചെയ്തു മാപ്പുതരും. പക്ഷെ ബ്ളൌസിട്ടാൽ, സ്കൂളിൽപോയാൽ, കാതുകളുടെ തുള എണ്ണമൊക്കാഞ്ഞാൽ, ഇതൊക്കെ പൊറുക്കപ്പെടാത്ത കുററമാണ്. നരകത്തിൻെറ അഹ്ലുകാമാകേണ്ടിവരും.

"ഉണ്ണാഹാജിയുടെ മോളു സൈനബീം, അധികാരീടെ മകളു സെഫിയീം പടിക്കണ്ല്ലെ." ആയിഷക്കതറിയണം.

"അവരു പണക്കാരല്ലെ"? അവളുടെ മാതാവു നെടുവീർപ്പിട്ടു.

"അത്ന്നെന്താ പതിനെട്ടുവയസ്സായ സൈനബ പടിക്കുമ്പൊ പത്ത്വയസ്സായ എനിക്ക പടിച്ചൂടെ. സൈനബിം, സെഫിയീം ഇപ്പളും ബ്ളൊൌസല്ലെടണത്!! ആയിഷ സംശയം പ്രകടിപ്പിച്ചു.

"അതൊക്കെ മതത്തി പറഞ്ഞതാ" ഉമ്മ എളുപ്പത്തിൽ സമാധാനം കണ്ടുപിടിച്ചു.

"നെങ്ങക്ക് മാത്രായിട്ട ഒരു മതണ്ട. പണക്കാര്ക്കും ഇല്ലാത്തോരുക്കും മതം വെവ്വേറേ!" ആയിഷ വിട്ടില്ല പക്ഷെ അജ്ഞയായ ആ മാതാവിന്നു ആ ചോദ്യത്തിൻെറ അർത്ഥംകൂടി മനസ്സിലായില്ല.

ആയിഷയുടെ ഇച്ഛക്കെതിരായിട്ടാണെങ്കിലും അവളുടെ രണ്ടു ചെവികളിലുംകൂടി പത്തൊമ്പത് ചെമ്പുകമ്പിവളയങ്ങൾ സ്ഥാനംപിടിച്ചു. ബ്ളൌസിട്ടു പാഠശാലയിൽ പോയിരുന്ന അവൾ ഒല്ലിക്കുപ്പായമിട്ടു വീട്ടിലിരിപ്പായി. ഇന്നലെവരെ ഒരു ചെറിയ വിദ്യാർത്ഥിനിയായിരുന്ന അവളിന്നു കൌമാരത്തിൽനിന്നു യൌവനത്തിലേയ്ക്കു കാലെടുത്തുവെച്ച ഒരു കൊച്ചു സുന്ദരിയാണ്. ഒരു പെൺകുട്ടിയുടെ ഏററവും ചന്തമേറിയ ദശാസന്ധിയാണത്. അവളുടെ ചന്തമുള്ള ചുണ്ടുകളും, ആകർഷകങ്ങളായ നയനങ്ങളും അവൾക്ക് കൂടുതൽ സൌന്ദര്യം തോന്നിച്ചു. നാമ്പെടുത്തുവരുന്ന മാറിടവും, സദാ ഇളകിക്കൊണ്ടിരിക്കുന്ന പുരികങ്ങളും അവൾക്ക് രമ്യത തുന്നിച്ചേർത്തു. അവൾ വലിയ സുന്ദരിയല്ലായിരുന്നുവെങ്കിലും കുററമില്ലാത്ത യുവതിയായിരുന്നു.

ആയിഷ: ആ മൂന്നക്ഷരം അവളുടെ മാതാവിൻെറ ഹൃദയത്തിൽ തീയാണ്. പ്രായം തികഞ്ഞ പെൺകുട്ടികളെ ആക്കെങ്കിലും കല്യാണം കഴിച്ചുകൊടുക്കാതിരുന്നാൽ അവരുടെ മാതാക്കൾക്ക് ഉറക്കമുണ്ടാവില്ല! വാതിലുകൾ എത്ര ഉറപ്പേറിയതാണെങ്കിലും, അത് പല പ്രാവശ്യവും അടച്ചുനോക്കും. എന്നാലേ സമാധാനമുണ്ടാവൂ. പെണ്ണല്ലേ? വല്ലതും വന്നുപോയാൽ...........?കയ്യിലും കഴുത്തിലും കാതിലും പൊന്നിട്ടുകൊടുക്കണം. സ്ത്രീധനവുംവേണം എന്നാലേ പുതിയാപ്പിള പെണ്ണിനെ സ്വീകരിയ്ക്കൂ. പെണ്ണു നന്നോ, വിദ്യാഭ്യാസമുണ്ടോ എന്നതല്ല പ്രശ്നം. എത്ര പൊന്നു കിട്ടും? സ്ത്രീധനമെന്താണ്?

യാഥാർത്ഥ്യമാകുന്ന തിരമാല ഭാവനയാകുന്ന തീരത്തെ തച്ചുടച്ചു കാലമാകുന്ന കടലിൽ ലയിപ്പിക്കുന്നത് കണ്ടു ആയിഷ പൊട്ടിക്കരഞ്ഞു. അവളിന്നു വിവാഹച്ചന്തയിൽ കോളില്ലാ

ത്ത ഒരു ചരക്കായി തീർന്നിരിക്കയാണ്. അദ്ധ്യാപികാദ്ധ്യാപകന്മാരുടെ കണ്ണിലുണ്ണിയും സഹപാഠിനികൾക്ക് മാതൃകയുമായിരുന്ന അവളിന്ന് ആവശ്യക്കാരില്ലാത്ത കച്ചവടസാധനമായി അധ:പതിച്ചിരിക്കുകയാണ്. അവർക്ക് ആവശ്യത്തിനുള്ള വിദ്യാഭ്യാസമുണ്ടായിരുന്നുവെങ്കിൽ, അവളുടെ കാതുനിറയെ കുത്തിത്തുളച്ചിട്ടില്ലായിരുന്നുവെങ്കിൽ അവളെ കല്യാണം കഴിക്കുവാൻ പലരും തയ്യാറുണ്ടാകുമായിരുന്നു. തലയിൽ മുടിയുള്ള പലരും. പക്ഷെ അവർക്ക് വേണ്ടത്ര വിദ്യാഭ്യാസമില്ല. അവളുടെ കാതിൽ നിറയെ തുളകളുമാണ്. അടിമുതൽ മുടിവരെ. അവർ നെടുവീർപ്പിട്ടു. ആലിമുസല്യാരെ ഓർത്തു അവർ പല്ലുകടിക്കും. അപ്പോൾ അവളുടെ കാതിലെ കമ്പി വളയങ്ങൾ കിലുകിലാ ശബ്ദമുണ്ടാക്കി പറയും "എടീ നീയൊരു സ്ത്രീയാണ്."

അവളെ നോക്കി അവളുടെ മാതാവ് നെടുവീർപ്പിട്ടു. കെട്ടിക്കാത്ത, പ്രായം തികഞ്ഞ പെൺകുട്ടികളുള്ള എല്ലാ മാതാക്കളും ചെയ്യുന്നപോലെ. പതിനാറ്. അവളുടെ മാതാവിന്ന് ആയിഷയുടെ വയസ്സ് തിട്ടമായുമറിയാം. അവളും "ഒരവ"ന്റെ "അറാളാ"വേണ്ടവളാണ്. അവളുടെ സ്ത്രീത്വം സാക്ഷാത്കരിക്കപ്പെടണം. അവളുടെ മാതാവിന്റെ ആഗ്രഹമായിരുന്നു അത്. പ്രായമായ പെൺകുട്ടികളുള്ള എല്ലാ മാതാക്കളുടേയും ആഗ്രഹമാണത്.

ഏതുവിധവും മകളുടെ വിവാഹം കഴിക്കുവാൻ മമ്മത് തീർച്ചയാക്കി. പറമ്പും പുരയും തീറെഴുതി. കുറച്ചുപണം കയ്യിലുണ്ടായിരുന്നതെടുത്തു സ്വർണ്ണവും വാങ്ങി. അങ്ങിനെ ആയിഷയുടെ കാതും കഴുത്തും ചുകന്നു. ഒരു ചുമട്ടുകാരനായിരുന്നു ആയിഷയുടെ വരൻ. അബ്ബുവിന്നു മറെറാരു ഭാര്യയുമുണ്ടായിരുന്നു. അവളിൽ കുറെ കുട്ടികളും. അതുമമ്മതിന്നറിയാമായിരുന്നു. പക്ഷെ എന്തുചെയ്യും? ഇത്ര ചുരുങ്ങിയ സ്ത്രീധനത്തിന്ന് പുതിയൊരു പുതിയാപ്പിളയെ കിട്ടുകയില്ല. മകൾക്കാണെങ്കിൽ പത്തുപതിനേഴുവയസ്സായിരിക്കുന്നു. ഇനിയും താമസിച്ചുകൂട.

അങ്ങിനെ സ്വന്തം പറമ്പും വീടും നഷ്ടപ്പെടുത്തിക്കൊണ്ട് മമ്മത് ആ ഭാരവും തീർത്തു. ആലിമുസല്യാരടക്കം ചുരുക്കംപേർക്ക് ഒരു ചെറിയ സദ്യയും ലഭിച്ചു. ചെറിയ ഒരു കൈമടക്കും.

വലിയ പ്രതീക്ഷകളോടെയാണ് ആയിഷ ഭർതൃഗൃഹത്തിൽ പ്രവേശിച്ചത്. പക്ഷെ അവളുടെ ജേഷ്ഠത്തിയമ്മയുടെ ദുർമുഖം പ്രഥമദിവസംതന്നെ അവൾക്ക് പ്രത്യക്ഷപ്പെട്ടു.

ഭാവനയുടെ റാണിയായിരുന്ന അവളിന്നു യാതനയുടെ ദാസിയാണ്. കുസൃതിയും പ്രസരിപ്പും തികഞ്ഞിരുന്ന അവളിന്നു നിരാശയുടെ തോഴിയാണ്. ഒരു ഭാര്യയാവണം. അതായിരുന്നു അവളുടെ ഏകാഭിലാഷം. പക്ഷെ ഒരു ഭൃത്യ എന്നതിൽ കവിഞ്ഞു അവിടെ സ്ഥാനമുണ്ടായിരുന്നില്ല. അവൻ അവളേക്കാൾ ഇഷ്ടപ്പെട്ടതും, വിവാഹം കഴിച്ചതും അവളുടെ 'സ്ത്രീധന'ത്തെയും, സ്വർണ്ണാഭരണങ്ങളേയുമായിരുന്നു.

അയാൾ നിസ്കരിക്കുകയില്ല. നോമ്പുനോൽക്കുകയുമില്ല. പള്ളിയിൽ പോവുകയുമില്ല. ആയിഷ ചിലപ്പോൾ ചോദിക്കും.

"ഒന്നു നിസ്കരിച്ചുകൂടെ."

"നീയാണ്ടിന്നെ പടിപ്പിക്കണെള്ള്" അയാളട്ടഹസിക്കും. തുടർന്ന് പ്രഹരമായി. അതിലവൾക്ക് വേദനയില്ല. പ്രതിഷേധവുമില്ല. ഭർത്താവല്ലേ? രക്ഷിക്കുവാനും ശിക്ഷിക്കുവാനും അധികാരമുള്ളാൾ.

ചിലപ്പോൾ അവളുടെ ഭർത്താവവളോട് സംസാരിക്കും. വെറും മൃഗീയമായ ആവേശത്തിന്റെ പേരിൽ ആയിഷക്ക് ചില ദിവസങ്ങളിൽ ഭർത്താവിന്റെ ഉറക്കറയിൽ സ്ഥാനം

ലഭിക്കും. വികാരത്തിൻെറ വേലിയേററത്തെ നിയന്ത്രിക്കുവാൻ കഴിയാതിരിക്കുന്ന സമയത്തു മാത്രം. അതും കേവലം മൃഗത്തെപ്പോലെ. അവൾ കരയും. എന്നിട്ടു മുസല്യാരെപ്പററി ചിന്തിച്ചു പല്ലുകടിക്കും. അപ്പോൾ അവളുടെ കാതിലെ സ്വർണ്ണചിററകൾ ശബ്ദമുണ്ടാക്കി അവളോടുപറയും ''എടി നീയൊരു പെണ്ണാണ്''.

അവളുടെ കഴുത്തിലെ സ്വർണ്ണാഭരണങ്ങൾ—അവളുടെ പിതാവിൻെറ രക്തം വിയർപ്പാക്കിയതിൻെറ സാക്ഷാത്ക്കാരം—ബാങ്കിലെ ഉറപ്പേറിയ ഇരുമ്പുഷെൽഫിൽ വിശ്രമം കൊള്ളുകയായിരുന്നു.

ഒരു ദിവസം അവൾ കണികണ്ടത് തട്ടാനെ—സ്വർണ്ണപ്പണിക്കാരനെ—ആയിരുന്നു. അവൾ കുഞ്ഞാടിനെപ്പോലെ പതുങ്ങിനിന്നിരുന്നു. അവളൊരു പ്രതിഷേധവും മുഴക്കിയില്ല. അങ്ങിനെ ആ കാതുകളിൽ വീണ്ടും മഞ്ഞച്ച പൊൻചിററകൾക്കു പകരം പുകപ്പേറിയ ചെമ്പുകമ്പിവളയങ്ങൾ സ്ഥലം പിടിച്ചു. അവൾ പരിഭവിച്ചില്ല. ഭർത്താവല്ലേ?

തികച്ചും പ്രതീക്ഷയോടുകൂടിയാണ് ആയിഷ ആ സന്തോഷവർത്തമാനം ഭർത്താവിനെ അറിയിച്ചത്. അവളുടെ ജീവിതോദ്ദേശം സഫലമാകുവാൻ സ്ത്രീത്വം സാക്ഷാത്കരിക്കുവാൻ പോകുകയാണ്. അവൾക്ക് ഗർഭമുണ്ട്. ഒരു സ്ത്രീയുടെ ഏററവും വലിയ അഭിലാഷവും, അഭിമാനവുമാണ് മാതൃത്വം. ഒരു സ്ത്രീക്കു ഏററവും തിട്ടപ്പെട്ട സമയമാണത്. അവൾക്ക് ഗർഭമുണ്ടെന്നറിയുക. അവളുടെ ജീവിതലക്ഷ്യം ഒരു കുഞ്ഞാണ്. കുഞ്ഞിൻെറ പിഞ്ചുകാൽ കാണുന്നതാണവളുടെ ജീവിതത്തിലെ ഏററവും വലിയ ആനന്ദം. തൻെറ പിതൃത്വം അവകാശപ്പെട്ടുകൊണ്ട് ഒരു കുഞ്ഞുണ്ടാവുക. ഭാര്യയിൽ നിന്നതറിയുമ്പോൾ എല്ലാ ഭർത്താവിനും സന്തോഷമുണ്ടാകും. അവളെ വാരി ചുംബിക്കും. അവളുടെ തലനാരിഴകളിലൂടെ കൈ ഓടിക്കും. പുഞ്ചിരിച്ചുകൊണ്ട് അവളുടെ വയർ തലോടും. ഇതൊന്നുമില്ലെങ്കിലും ഒരു പുഞ്ചിരിയെങ്കിലും ആയിഷ അവളുടെ ഭർത്താവിൽനിന്നു പ്രതീക്ഷിച്ചു. പക്ഷെ ഭയപ്പെടുത്തുന്ന തരത്തിലുള്ള ഒരു നോട്ടമാണവൾക്കയാളിൽനിന്നും ലഭിച്ചത്. അവൾ കരഞ്ഞു. തേങ്ങിത്തേങ്ങി കരഞ്ഞു. അവൾ ആലിമുസല്യാരെ സ്മരിച്ചു. വേദനയോടെ. വെറുപ്പോടെ പല്ലുകടിച്ചു. അപ്പോൾ അവളുടെ കാതിലെ ചെമ്പുകമ്പി വളയങ്ങൾ കിലുകിലാശബ്ദമുണ്ടാക്കി അവളോട് പറഞ്ഞു ''എടീ, നീയൊരു പെണ്ണാണ്''.

ഒരശുഭകരമായ വാർത്തയും കൊണ്ടാണ് അവളുടെ ഭർത്താവന്നുവന്നത്. അവളുടെ പിതാവിനു സുഖമില്ല. അവൾ പൊട്ടിക്കരഞ്ഞു. അവൾക്ക് പോകണം. ആരുടെ കൂടെ പോകും? രോഗശയ്യയിൽ കിടക്കുന്ന പിതാവിനെ കാണാൻ വെറും കയ്യോടെ പോവുകയോ? അവളീരണ്ടു പ്രശ്നവും ഭർത്തൃസന്നിധിയിൽ സമർപ്പിച്ചു. അയാളട്ടഹസിച്ചു. ''ബാപ്പാക്ക് അൻെറമ്മാനെ കൊണ്ടോട്ക്ക്''. വിഷമം പിടിച്ച ആ രണ്ടു പ്രശ്നവും അയാൾ ഒരു വാചകം കൊണ്ട് തരണംചെയ്തു. അവളുടെ സപത്നി ഇതെല്ലാം കേട്ടുകൊണ്ടു അടുത്തുണ്ടായിരുന്നു. അസൂയയും, വിദ്വേഷവും അവളെ നശിപ്പിച്ചിരുന്നുവെങ്കിലും അവളുടെ തലയിൽ കളിമണ്ണില്ലാത്ത ഭാഗവും ഉണ്ടായിരുന്നു. പിതൃത്വത്തെ പിന്നിട്ടുകൊണ്ടുതന്നെയാണ് മാതൃത്വം അവളുടെ മേൽ കൊടിക്കൂറ നാട്ടിയിട്ടുള്ളത്. ഭർത്തൃപുത്രൻെറ സഹായത്തോടുകൂടി ആയിഷ പിതൃസന്നിധിയിലെത്തി. ആയിഷയുടെ ആഗമനം ഒരു കൂട്ടക്കരച്ചിൽ മുഖേന വീട്ടുകാരറിഞ്ഞു. അവൾ ചെന്നതിൻെറ നാലാംദിവസം തൻെറ ജീവിതത്തിൻെറ സുഖദുഃഖങ്ങളിൽ സന്തോഷപുരസ്സരം പങ്കുകൊണ്ട് ഭാര്യയെ നിസ്സഹായരായ രണ്ടു പെൺമക്കളിൽ സമർപ്പിച്ചുകൊണ്ടു മമ്മതു ഈ ലോകത്തിലെ ദുരിതങ്ങളിൽ നിന്നും വിടവാങ്ങി.

ആയിഷയെ മടക്കി വിളിക്കുവാൻ അവളുടെ ഭർത്താവ് മുതിർന്നില്ല. അവളുടെ താരുണ്യത്തിന് ഇന്നും ഒരു കുറവും വന്നിട്ടില്ല. പക്ഷെ അവളുടെ സ്ത്രീധനവും, സ്വർണ്ണവും അയാൾ തിന്നു കഴിഞ്ഞു. ഇനി അവളിൽനിന്നും അദ്ദേഹത്തിനൊന്നും ലഭിക്കുവാനില്ല. അയാൾക്കിനിയും വിവാഹം കഴിക്കാം. സ്ത്രീധനം വാങ്ങാം. അവളെയും വീട്ടിലേക്കു പറഞ്ഞയക്കാം. പിന്നെയും വിവാഹം കഴിക്കാം. സ്ത്രീധനം വാങ്ങാം.

താമസിക്കുന്ന വീട് ഒഴിഞ്ഞുകൊടുക്കുവാൻ ഉടമസ്ഥൻ പല പ്രാവശ്യവും ആയിഷയുടെ മാതാവിനെ അറിയിച്ചു. പക്ഷെ ആ സാധു വിധവ എന്തുചെയ്യും! എവിടെ പോകും? ആരുടെ സഹായമഭ്യർത്ഥിക്കും. നാട്ടിൽ ധാരാളം പണക്കാരുണ്ട്. പക്ഷെ അതിൽ സാധുക്കൾക്കെന്തുണ്ടുലാഭം?.

അന്നാണ് വീട് ഒഴിഞ്ഞുകൊടുക്കാമെന്ന് പറഞ്ഞ ദിവസം. കാര്യസ്ഥനുണ്ട് മുറ്റത്ത് വന്നുനിൽക്കുന്നു. അകത്തുനിന്നു ഒരു നേരിയ നിലവിളി അവ്യക്തമായിട്ടാണെങ്കിലും കേൾക്കാം.

"ഹൌ. ൻറമ്മാ; ഹൌ, അള്ളാ" വേദനനിറഞ്ഞ നിമിഷങ്ങൾ.

"ബദ്‌രീങ്ങളെ ബിളി മോളെ" ആ സാധു മാതാവു ചികിത്സ നിർദ്ദേശിച്ചു.

"ഹൌ അള്ളാ" അതു വീണ്ടുമാവർത്തിച്ചു. "ൻെറ മുഹ്‌യ്‌ദ്ദീൻ ശൈഹേ......"മാതാവു കൂട്ടിച്ചേർത്തു. ആന്തരങ്ങൾ തുടർന്നു. മാംസം പറിച്ചെടുക്കുന്നതുപോലെയുള്ള അനുഭവം. ഒന്നുരണ്ടു ദയനീയ ഞെരക്കങ്ങൾ. രക്തം ചിന്തുന്ന വേദന. കോരിത്തരിപ്പിക്കുന്ന അനുഭവം. ഒന്നുരണ്ടു നിലവിളി. ഞെരക്കങ്ങൾ. അതിനെത്തുടർന്ന് ഒരു കുട്ടിയുടെ കരച്ചിൽ.

ചുരുട്ടിയ മുഷ്ടിയുമായ ഒരാൺകുഞ്ഞു ലോകത്തേക്കുവന്നു.

പുതിയ തലമുറയുടെതായ ആ ചുരുട്ടിയമുഷ്ടിക്കുമ്പിൽ വിദ്യാഭ്യാസത്തിനെതിർ നിൽക്കുന്ന യാഥാസ്ഥികലോകം നിന്നു വിറക്കില്ലേ?

* * * * *

# THE VILLAGE SCHOOL MASTER.

( M. SANKARANARAYANAN, Class IV )

IT was indeed a bright and novel idea. It struck me and three of my friends when we were chatting pleasantly one evening to tread from village to village and go all over India. I was over-joyed to find that a spirit of adventure prompted us to do something out of the beaten track.

The starting day was fixed; preparations were made and we were on the move. We walked, and walked, and walked. Our destination seemed to be interminable. Sometimes we suffered intensely from the burning heat of the copper sky. Sometimes we got protection under the shades of baniyan trees which have been rendering this useful service for years. Our hearts were glad to know that every suffering has a relief.

For days and months we jogged on. The variety of Indian life revealed to us many things. At last we reached a village in Rajasthan, the land of the brave Rajputs where history has created a halo round them.

This village was remarkable for the healthy, joyful life of its children. Our curiosity was roused and we wanted to know more about it. We learnt that most of its inhabitants are peasants. They work in the fields from morn till night. Their chief source of income is agriculture. But they do not get the fruits of their hard labour. What they get from the fields they give to the Zamindar who lives in his luxurious bungalow in the town. They know not the ways of the world. Their necessities are limited. The education of their children is limited up to the fifth standard. Only very few attend the high schools and colleges. Those fortunate ones, after their study, never return to their village. They prefer town life. The only man who is rich among them is the agent of the Zamindar. He lives in a tiled house. He is somewhat crooked and cruel. When the peasants meet him they salam him, but there is no love in their hearts for him.

There was only one person, whom all, men and women, young and old, loved and esteemed with all their hearts and that was the

village school-master who "taught his little school". Every one we came across spoke of him as the greatest wit. From the conversation we had with some old men we could understand the intensity of their love for their grand children's teacher. They used to give him little presents for his service which he received thankfully. There was only one who was not in the habit of respecting the village school master with such high esteem. He was a man of twentyfive who was discharged from the army after the war. His military career made him vaunting and immodest.

The village school master was an old man. He had a benign look and showed particular liking towards small, gay children. He entered the class room with an air of pleasantness and gaiety. When he was called "Boodda Ustad" by his students his eyes sparkled. This name seemed to be the joy of his life. Every one was fond of this name and it was said that even the School Inspector admired him.

We sought an interview with him and he allowed it gladly. He was eager to receive us. The beauty of the garden where he spent much of his time attracted us. He asked us many questions pertaining to our people and their life, our schools, our colleges and factories and fields. He particularly asked about one school. We could not understand how he had such intimate knowledge of that institution. His pleasure in hearing details about it knew no bounds. In great wonder we asked how he knew all about that school and its surroundings. He soon began to speak in Malayalam, "Ah! I taught there once. But I did not then love my profession. One day, one boy was disrespectful and in great anger and disgust, I bruised his arms. Feeling sad, I left that school that evening twenty-six years ago. I wandered here and there and at last reached here. After many vicissitudes I took to teaching again here. But now I love my work here and lo! the boys love me too. And I am content, content beyond measure".

Whenever I think of our happy adventure, those words 'Boodda Ustad' flash to my memory and seem to reveal to me a great truth of life. And then I become very happy for a while.